//ഭരണഭാഷ - മാതൃഭാഷ//

നം.സിI3/19817/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 22/09/2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**
**എല്ലാ അംഗീകൃത സംഘടന നേതാക്കൾക്കും**

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഓൺലൈൻ സ്ഥലംമാറ്റം -മിനിസ്റ്റീരിയൽ ജീവനക്കാർ- കരട് മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുന്നുത് - സംബന്ധിച്ച്:-

സൂചന:

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച കരട് മാനദണ്ഡങ്ങൾ ഇതോടൊപ്പം പ്രിസിദ്ധീകരിക്കുന്നു. അഭിപ്രായങ്ങൾ അഞ്ച് ദിവസത്തിനകം അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

ആശാദേവി.വി.എസ്., പെൻ-101454
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ,
   കൈറ്റ്, തിരുവനന്തപുരം,( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

## പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച കരട് മാനദണ്ഡങ്ങൾ

ഓൺലൈൻ സ്ഥലംമാറ്റത്തിനായി വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരെ രണ്ട് കാറ്റഗറിയായി തിരിക്കുന്നു.

*കാറ്റഗറി – 1*
ക്ലാർക്ക്/സീനിയർ ക്ലാർക്ക്, ടൈപ്പിസ്റ്റ്

*കാറ്റഗറി – 2*
ജൂനിയർ സൂപ്രണ്ട്/എൻ.എം.ഒ മറ്റ് സമാന തസ്തികകൾ/സീനിയർ സൂപ്രണ്ട്

1. കാറ്റഗറി 1 ലെ ജീവനക്കാരുടെ സ്ഥലംമാറ്റം അതാത് ജില്ലാ അടിസ്ഥാനത്തിൽ മാത്രമായി നടത്തുന്നതാണ്.

2. ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് (കാറ്റഗറി 2 മറ്റ് സമാന തസ്തികകൾ) എന്നീ തസ്തിതകകളിൽ ജോലി ചെയ്യുന്നവരുടെ സ്ഥലംമാറ്റം സംസ്ഥാന തലത്തിലും നടത്തുന്നതാണ്.

3. 16/06/2020 ലെ സർക്കാർ ഉത്തരവിലെ 15 കിലോമീറ്റർ ചുറ്റളവ് പരിധി എന്നത് പൊതു വിദ്യാഭ്യാസ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റത്തിനായി ഒരു ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ചുറ്റളവ് പരിധിയിലെ എല്ലാ ഓഫീസുകളേയും (സ്കൂൾ ഡി.ഇ.ഒ, ഡി.ഡി.ഇ ഉൾപ്പെടെ) ഒരു ക്ലസ്റ്റർ ആയി കണക്കാക്കി പൊതു വിദ്യാഭ്യാസ വകുപ്പിലെ 163 ഉപജില്ലാ വിദ്യാഭ്യാസ ആഫീസിനെ 163 ക്ലസ്റ്റർ ആയി കണക്കാക്കുന്നതാണ്.

4. കാറ്റഗറി 1 ൽ ജോലി ചെയ്യുന്നവരുടെ ഓൺലൈൻ സ്ഥലംമാറ്റത്തിനായി അതാത് ജില്ലയിലെ മറ്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ചുറ്റളവ് പരിധിയിൽ വരുന്ന ഓഫീസുകളിൽ മാത്രമേ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാൻ സാധിക്കുകയുള്ളു. എന്നാൽ ഒരേ കോംപൗണ്ടിൽ ഒന്നിൽ കൂടുതൽ എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ടി ഓഫീസുകളിലേയ്ക്ക് (ക്ലസ്റ്ററുകളിലെ മറ്റുള്ള ഓഫീസുകളിൽ) പരസ്പര മാറ്റത്തിനായി അപേക്ഷിക്കാൻ അനുവദിക്കുന്നതല്ല. എന്നാൽ ഈ ക്ലസ്റ്ററുകളുടെ പരിധിയിൽ വരുന്ന മറ്റുള്ള ഓഫീസുകളിലേയ്ക്ക്

അപേക്ഷിക്കുന്നതിന് തടസ്സമുണ്ടായിരിക്കുന്നതല്ല. ഓൺലൈൻ സ്ഥലമാറ്റത്തിനായി അതാത് ജില്ലാ സർവ്വീസ് മാത്രമെ സീനിയോരിറ്റിയ്ക്കായി പരിഗണിക്കുകയുള്ളു.

5. കാറ്റഗറി 2 ൽ പെടുന്ന ജീവനക്കാർക്ക് സംസ്ഥാനത്തിലെ 162 ക്ലസ്റ്ററുകളിലേയ്ക്കും സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്.

6. കാറ്റഗറി - 2 ൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുള്ള സ്ഥലംമാറ്റങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്.

7. സ്പാർക്കിലെ ഡാറ്റ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് 'ലോക്ക്' ചെയ്തിട്ടുള്ളതുമായ ജീവനക്കാരെ മാത്രമേ 'ഓൺലൈൻ' മുഖേനയുള്ള സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളു. സ്പാർക്കിൽ ഡാറ്റ അപ്ഡേറ്റ് ചെയ്ത് 'ലോക്ക്'ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാൻ സാധിക്കില്ല.

8. പൊതുസ്ഥലം മാറ്റത്തിന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സേവനം മാത്രമേ കണക്കാക്കുകയുള്ളു.

9. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തവർ/അച്ചടക്ക നടപടി നേരിടുന്നവർ/ ആറ് മാസത്തിൽ കൂടുതൽ ശൂന്യവേതന അവധിയിലുള്ളവർ, ഡെപ്യൂട്ടേഷനിൽ ഉള്ളവർ എന്നിവരെ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുകയില്ല.

10. ഹോം സ്റ്റേഷനിൽ നിന്നും അവസാനം സ്ഥലം മാറിയതിനു ശേഷം ഒരു വർഷത്തെ ഔട്ട് സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയവർക്ക് മാത്രമേ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ സ്ഥാനക്കയറ്റം വഴി സ്ഥലം മാറ്റപ്പെട്ടവർക്ക് ഈ വ്യവസ്ഥ ബാധകമല്ല.

11. ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം ചെയ്യപ്പെട്ടവർക്ക് ഒരു സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയായാൽ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിയ്ക്കുകയുള്ളു. എന്നാൽ ഓപ്റ്റ് ചെയ്ത സ്റ്റേഷൻ ലഭിക്കാത്തവരാണെങ്കിൽ ഒരു സ്റ്റേഷനിൽ ഒരു വർഷത്തിൽ കുറവ് സേവനമുള്ളവർക്ക് പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.

12. മാതൃ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജീവനക്കാരന്റെ മാതൃ ജില്ലയ്ക്കു പുറത്തുള്ള തുടർച്ചയായ സർവ്വീസുകൾ എല്ലാം കൂടി ഒന്നായി കണക്കാക്കുന്നതാണ്.

13. അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ കൂടി ഡി.ഡി.ഒയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് ഡി.ഡി.ഒ മാർ അഭിപ്രായം രേഖപ്പെടുത്തി ജില്ലാ ഓഫീസർമാർക്കും, ജില്ലാ ഓഫീസർമാർ സംസ്ഥാന തല അധികാരിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഇ-മെയിൽ (onlinetranm.dge@kerala.gov.in) മുഖേന അയച്ചുതരേണ്ടതാണ്.

14. 2020 ലെ പൊതു സ്ഥലംമാറ്റം ക്ലാർക്ക് മുതൽ എല്ലാ തസ്തികകളിലേയ്ക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിന് മൊത്തം ഒഴിവിന്റെ 10% ഒഴിവുകൾ നീക്കിവച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകളിൽ അന്തിമ രൂപം നൽകുന്നത് ആരോഗ്യമേഖലയിലെ വിദഗ്ധൻ ഉൾപ്പെട്ട ഒരു കമ്മറ്റി ആയിരിയ്ക്കും. അപ്രകാരം പരിഗണന അർഹിക്കുന്ന അപേക്ഷകർ, ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ ഹാർഡ്കോപ്പി ആധാരമായ മെഡിക്കൽ റെക്കോർഡുകൾ സഹിതം പരിശോധനയ്ക്കും തീരുമാനത്തിനുമായി പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അനുകമ്പാർഹ സ്ഥലംമാറ്റത്തിന് ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് അതാത് ഡി.ഡി.ഒ മാർ മുൻകൂർ ആയി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

15. ഹാർഡ്കോപ്പി സമർപ്പിക്കാത്ത അനുകമ്പാർഹ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർ